# മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ

## ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും

**സർക്കുലർ നമ്പർ 174/2022**

*നമ്മുടെ സഭയിലെ സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്*

കർത്താവിൽ പ്രിയരെ,

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ഇരുപത്തിരണ്ടാം മാർത്തോമ്മാ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്താ പട്ടത്വ ശുശ്രൂഷയിൽ അനുഗ്രഹീതമായ 50 വർഷങ്ങൾ പൂർത്തിയാക്കി. സുവർണ്ണ ജൂബിലി നിറവിലായിരിക്കുന്ന മെത്രാപ്പോലീത്താ തിരുമേനിയെ സഭയ്ക്ക് ദാനമായി നൽകിയ ദൈവത്തെ സ്തുതിക്കുന്നു. ആഴമേറിയ ദൈവവിശ്വാസവും കർമ്മനൈപുണ്യവും കൊണ്ട് സഭയ്ക്ക് അനുഗ്രഹീതവും ശക്തവുമായ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന മെത്രാപ്പോലീത്തായ്ക്കായി ദൈവത്തെ സ്തുതിക്കാം. ജൂബിലിയുടെ ഭാഗമായി സഭയായി 2022 ജൂൺ 24-ന് ബാംഗ്ലൂരിൽ വെച്ച് പ്രത്യേക സമ്മേളനം ക്രമീകരിക്കുകയും ജൂൺ 26 ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും സ്തോത്ര പ്രാർത്ഥന നടത്തുകയും ചെയ്തു.

അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ നിർദ്ദേശപ്രകാരം ജൂബിലിവേളയിൽ ആഡംബരങ്ങളും ആഘോഷങ്ങളും ഒഴിവാക്കി അനുകരണീയമായ ജീവകാരുണ്യ പദ്ധതികൾ മാത്രം നടപ്പിലാക്കുവാനാണ് സഭാ കൗൺസിൽ തീരുമാനിച്ചിരിക്കുന്നത്. സ്വന്തമായി ഭവനമില്ലാത്തവർക്കും കിടപ്പാടമില്ലാത്തവർക്കും പാർപ്പിടം ഒരുക്കുന്ന പദ്ധതിയാണ് **'അഭയം'**. ഈ പദ്ധതിയിലൂടെ 75 കുടുംബങ്ങൾക്കെങ്കിലും തല ചായിക്കാൻ ഭവനം ഒരുക്കുന്നതിന് 5 കോടി രൂപ സമാഹരിക്കണം. ഒരു ഭവനത്തിന് ഏകദേശം 7.5 ലക്ഷം രൂപയാണ് നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരു ഭവനം നിർമ്മിക്കുന്നതിന് **'അഭയം'** പദ്ധതിയിൽ നിന്നും സഭ 5 ലക്ഷം രൂപ വീതം നൽകുമ്പോൾ ബാക്കി തുക അപേക്ഷകനോ അതു സ്പോൺസർ ചെയ്യുന്ന ഇടവകയോ/സംഘടനകളോ നൽകി ആ ഭവനം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞ് സാമ്പത്തിക പരാധീനതകളാൽ ഉപരിപഠനം നടത്താനാവാത്ത സമർത്ഥരായ 50 വിദ്യാർത്ഥികൾക്കെങ്കിലും തൊഴിലധിഷ്ഠിത ഡിഗ്രി കോഴ്സുകൾ പഠിക്കുന്നതിന് ഫീസ് നൽകി സഹായിക്കുന്ന പദ്ധതിയാണ് **"ലക്ഷ്യ"**. മിഷൻ ഫീൽഡുകളിലും ഗ്രാമങ്ങളിലുമുള്ള സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികളെ കണ്ടെത്തി ഉന്നത വിദ്യഭ്യാസം നൽകി സുവിശേഷ പ്രവർത്തനങ്ങൾക്കും ഇതര സേവനസരണികളിലേക്കും ഒരുക്കുന്ന പദ്ധതിയും ലക്ഷ്യയുടെ ഭാഗമാണ്. **"ലക്ഷ്യ"** പദ്ധതിയിൽ 5 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

പ്രീയരെ, വീടില്ലാത്തവർക്ക് ഒരു വീടും പഠനം അസാദ്ധ്യമായവർക്ക് ആവശ്യമായ പഠനച്ചെലവും നൽകുന്നതിന് കുടുംബങ്ങളും ഇടവകകളും സംഘടനകളും സ്പോൺസർ ചെയ്തും സംഭാവനകൾ നൽകിയും ഈ പദ്ധതിയെ വിജയിപ്പിക്കണമെന്ന് കർത്തൃനാമത്തിൽ ഉദ്ബോധിപ്പിക്കുന്നു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും വേദനിക്കുന്നവരുടെയും നിലവിളിയോടുള്ള പ്രതികരണങ്ങളാണ് ഈ ജൂബിലി പദ്ധതികൾ. ഭൂമിക്ക് ഉപ്പും ലോകത്തിന് വെളിച്ചവും നൽകി ഈ പദ്ധതികളിൽ സഭാ മക്കളായ നമുക്ക് ഒത്തുചേരാം. ദൈവം നൽകിയ അനുഗ്രഹങ്ങൾ കൂട്ടിവെയ്ക്കാനുള്ളതല്ല. മറിച്ച് പങ്കുവയ്ക്കാനുള്ളതാണ്.

ഈ പദ്ധതിയുടെ നടത്തിപ്പിനായി സീനിയർ വികാരി ജനറാൾ വെരി റവ. ജോർജ്ജ് മാത്യു കൺവീനറായിട്ടുള്ള ഒരു കമ്മിറ്റിയെ സഭാ കൗൺസിൽ ചുമതലപ്പെടുത്തിയിരിക്കുന്നു. എല്ലാ ഇടവകയും ഒരുവീടോ, ഒരു വിദ്യാർത്ഥിയുടെ ഫീസോ സ്പോൺസർ ചെയ്ത് ഈ ജൂബിലി പദ്ധതി സഫലമാക്കിത്തീർക്കുവാൻ വീണ്ടും ഉദ്ബോധിപ്പിക്കുന്നു.

സംഭാവനകൾ 2023 മാർച്ച് 15-നകം സഭാ ഓഫീസിലേക്ക് അയയ്ക്കാവുന്നതാണ്. മാർത്തോമ്മാ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ നൽകിയാൽ നികുതി ഇളവ് ലഭിക്കുന്നതാണ്. വിശദവിവരങ്ങൾ സഭാ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തതെല്ലാം എനിക്കാകുന്നു ചെയ്തത് എന്നരുളിച്ചെയ്ത കർത്താവ് എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കർത്താവേശുമിശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് ക്രിസ്താബ്ദം 2022 നവംബർ മാസം 12-ാം തീയതി മണ്ണന്തല മാർത്തോമ്മാ അരമനയിൽ നിന്നും

**ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ**

പ്രസിഡന്റ്, മെട്രൊപ്പോലിറ്റൻസ് ഓർഡിനേഷൻ ഗോൾഡൻ ജൂബിലി പ്രോജക്ട്